ഉത്തരം

(എ) കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്ന നിറവ് പദ്ധതിയിൽ കൃഷി വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, ചെറുകിട ജലസേചന വകുപ്പ് എന്നിവ ഉൾപ്പെടുന്നു.

(ബി-ഡി) 2014-15 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട നിറവ് മണ്ഡലമാണ് കൊയിലാണ്ടി. എം.എൽ.എ.-യുടെ നേതൃത്വത്തിൽ മണ്ഡലാടിസ്ഥാനത്തിലുള്ള ആദ്യ യോഗം 22-12-2014-നും രണ്ടാമത്തെ യോഗം 31-12-2014-നും കൂടിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി യോഗങ്ങളിൽവച്ച് കൃഷി വകുപ്പും ഇതര വകുപ്പുകളും നടപ്പിലാക്കേണ്ട പദ്ധതികളുടെ ഒരു രൂപരേഖ ഉണ്ടാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുള്ളതായും ജില്ലാ ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ഇ) ഇല്ല. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കൃഷി വകുപ്പ് പദ്ധതി നിർവ്വഹണത്തിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

കന്മനംഗലം പഞ്ചായത്തിലെ കൃഷി നാശം

169 (3143) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഏപ്രിൽ 14-ലെ ചുഴലിക്കാറ്റിൽ കന്മനംഗലം പഞ്ചായത്തിലെ 161 കർഷകരുടെ വാഴകൃഷി മൊത്തമായി നശിച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാതിരുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) കർഷകർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് ധനസഹായം നൽകുന്നത്. കൃഷിനാശം സംഭവിച്ച 161 കർഷകരുടെ 13,91,275 രൂപയുടെ ക്ലെയിം ലഭിച്ചുവെങ്കിലും ആവശ്യമായ ഫണ്ട് ജില്ലാ കളക്ടറിൽനിന്നും ലഭ്യമാകാത്തതിനാലാണ് കർഷകർക്ക് ധനസഹായം ലഭ്യമാക്കാൻ കഴിയാതിരുന്നത്.

(സി) ജില്ലാ കളക്ടറിൽനിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്.

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നിലം നികത്തുന്നതിനെതിരെ നടപടി

170 (3144) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

31-5-2014-ൽ കൃഷി വകുപ്പ് സെക്രട്ടറി നൽകിയിരിക്കുന്ന നിർദ്ദേശപ്രകാരം നിലം നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ആയത് ജില്ലാ കളക്ടറെ അറിയിക്കേണ്ടത് ബന്ധപ്പെട്ട കൃഷി ഓഫീസറാണെന്നും അപ്രകാരം ചെയ്യാതിരുന്നാൽ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്നുമുള്ള നിർദ്ദേശം പാലിക്കാതിരുന്നതിന്റെ പേരിൽ ആലപ്പുഴ ജില്ലയിൽ എത്ര കൃഷി ഓഫീസർമാർക്കെതിരെ നടപടി സ്വീകരിച്ചു എന്ന വ്യക്തമാക്കുമോ ?

ഉത്തരം

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ കൃഷി ഫീൽഡ് ഓഫീസറുടെ പേരിൽ നടപടി സ്വീകരിച്ചു

മട്ടുപ്പാവ് കൃഷി

171 (3145) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മട്ടുപ്പാവ് കൃഷിക്കായി മാത്രം കൃഷി ഓഫീസർമാരുടെ സേവനം ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly